

# ജാലകം

LITTLE KITES UNIT
35005 , ST.MARY'S HS VATTAYAL

# മുഖമൊഴി

പോയി മറയുന്ന വർഷങ്ങളിലെ
ഋതുഭേദങ്ങളിൽ വിദ്യാലയമെന്ന
തിരുമുറ്റത്ത് അടർന്നുവീണ അക്ഷരക്കൂട്ടുകൾ
ഒന്നിച്ച് അണിനിരന്ന് തുറന്നിടുന്ന
ജാലകം.....!

ദൈർഘ്യങ്ങൾക്കിടയിലെ ഹ്രസ്വങ്ങളായ
നിമിഷങ്ങളിലൂടെ യാത്ര ചെയ്ത കൊച്ചു
കൂട്ടുകാർ തുറന്നിട്ട ജാലകം.....!

ആ ജാലകം തുറന്നിടുമ്പോൾ സ്നേഹ
ബന്ധങ്ങളുടെ ഒട്ടേറെ പിൻവിളികൾ
നിങ്ങളെ കാത്തിരിക്കും.....!
അത്... പൊട്ടിച്ചിരിയുടെ.... വേദനയുടെ...
കർമ്മകാണ്ഡത്തിൻ്റെ... ഒക്കെ
ലോകത്തേക്ക് നമ്മെ
കൂട്ടിക്കൊണ്ടുപോയെന്നിരിക്കും..!

ആ ജാലകം
നിങ്ങൾക്കായി
ഇതാ
തുറന്നിടുന്നു .....!

എഡിറ്റർ.....

# എഡിറ്റോറിയൽ ഡസ്ക്

## ചീഫ് എഡിറ്റർ



ജാക്സൺ പി എ
എച്ച് എം

## എഡിറ്റേഴ്സ്



മേരി കെ എൽ
എൽ കെ മിസ്ട്രസ്



ടാനിയ മരിയ ഡികോത്തോ
എൽ കെ മിസ്ട്രസ്

## സ്റ്റുഡന്റ് എഡിറ്റേഴ്സ്



നേഹ സ്റ്റാൻലി



അന്ന സി എസ്

# അണിയറ പ്രവർത്തകർ







# ഉള്ളടക്കം

1 . MESSAGE ---------------------------------------------------- 6

2 . MESSAGE ---------------------------------------------------- 7

3 . വിദ്യാലയ ചരിത്ര താളുകളിലൂടെ ---------------------------- 8

4 . വിദ്യാലയ ഗാനം ------------------------------------------9

5 . യാത്രമൊഴി ----------------------------------------11

6 . അമ്മ ----------------------------------------------12

7 . ഇന്ത്യയിലെ പ്രമുഖ ശാസ്ത്രജ്ഞന്മാർ ------------------------13

8 . കേരളത്തിലെ ഔഷധസസ്യങ്ങൾ ----------------------------------14

9 . ലിറ്റിൽ കൈറ്റസ് ജില്ലാ ക്യാമ്പിലെ അനുഭവങ്ങൾ -------------------15

10 . നീരാളികൾ -----------------------------------------------------16

11 . പൊതുവിജ്ഞാന ചോദ്യോത്തരങ്ങൾ --------------------------17


12 . Fun Facts -----------------------------------------------------18

13 . ഇടവഴിയിലെ തണൽമരം -----------------------------------------19

14 . വള്ളംകളി -----------------------------------------------------20

15 . മികവുകൾ -----------------------------------------------------22

# MESSAGE



JACKSON P A
HEADMASTER

Congratulations to all the little kites students on the successful creation of the digital magazine "JALAKAM".Enjoy the journey through "JALAKAM"and may it inspire you to embrace the colours of creativity in your own life.......

# MESSAGE

Dear students,

You are my budding stars, you are the cream of our school. It is a matter of pride that our little kites magazine "JALAKAM" is publishing. School magazines are a chance for the little ones to express their creative talents which will help you identify the specific field of your talents and perform better in future and even to take them as your profession too. So this magazine "JALAKAM" gives ample opportunity to bring out the best in you. I extend my heartfelt wishes to each one of you behind this venture. I am also thankful to the kite mistresses for their guidance and companionship. May the Almighty God showers his blessings upon you.

-Jesmy S.S
Senior Assistant



# വിദ്യാലയ ചരിത്രത്താളുകളിലൂടെ...

ആലപ്പുഴ ഉപജില്ലയിലെ വട്ടയാലിലുള്ള എയ്ഡഡ് വിദ്യാലയമാണ് സെന്റ്.മേരീസ്എച്ച്.എസ്സ്.വട്ടയാൽ. വട്ടയാൽ ഇടവക ജനങ്ങൾ വിദ്യാഭ്യാസത്തിൽ പിന്നോക്കാവസ്ഥയിലായി പോകരുതെന്ന വിശാലവീക്ഷണത്തോടു കൂടി അന്നത്തെ വികാരിയായിരുന്ന റവ. ഫാ.സേവ്യർ മരിയ ഡിക്രൂസ് 1904-ൽ അമലോത്ഭവ മാതാവിന്റെ നാമധേയത്തിൽ സ്ഥാപിച്ചതാണീസ്കൂൾ.കൈതവന ഗോപാലപ്പണിക്കർ ആയിരുന്നു പ്രഥമാദ്ധ്യാപകൻ. 1909 ആഗസ്റ്റ് 5 നു സർക്കാർ അംഗീകാരം ലഭിച്ചു. 2-6-1955-ൽഅപ്പർ പ്രൈമറി സ്കൂളായിത്തീർന്ന ഈ സ്ഥാപനത്തിന്റെ ഹെഡ്മാസ്റ്റർ ശ്രീ. ആർ. പി . കുഞ്ഞുകുഞ്ഞ് ആയിരുന്നു. അന്നത്തെ വികാരിയായിരുന്ന റവ. ഫാ. ജെയിംസ് കണ്ടനാടിന്റെ സഹകരണത്തോടെ ശ്രീ ആര്.പി. കുഞ്ഞുകുഞ്ഞുസർ രക്ഷകർത്താക്കളെയും, നാട്ടുകാരെയും, സഹാദ്ധ്യാപകരെയും ഒന്നിച്ച് അണിനിരത്തിക്കൊണ്ട് നടത്തിയഅക്ഷീണവും തീവ്രവുമായ ശ്രമത്തിന്റെ ഫലമായി 1966-ൽ ഈ വിദ്യാലയം ഹൈസ്കൂളായി ഉയർത്തപ്പെട്ടു.

ആലപ്പുഴ രൂപതാ സ്കൂൾ കോർപ്പറേറ്റ് മാനേജ് മെന്റ് ഈ വിദ്യാലയത്തിന്റെ ഭരണസാരഥ്യം വഹിക്കുന്നു. 3 ഹയർ സെക്കണ്ടറി സ്കൂളുകളും, 8 ഹൈസ്കൂളുകളും, 1 അപ്പർ പ്രൈമറി സ്കൂളും, 15 ലോവർ പ്രൈമറി സ്കൂളുകളും ഈ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നു. രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. ജയിംസ് ആനാപറമ്പിൽ രക്ഷാധികാരിയായും, വെരി റവ. ഫാ. ക്രിസ്റ്റഫർ അർദ്ധശ്ശേരിൽ കോർപ്പറേറ്റ് മാനേജരായും, റവ ഫാ. സെബാസ്റ്റ്യൻ അരോജ് ലോക്കൽ മാനേജരായും സേവനം അനുഷ്ഠിക്കുന്നു. പ്രഥമാദ്ധ്യാപകൻ ശ്രീ പി എ ജാക്സൺ -ന്റെ മേൽനോട്ടത്തിൽ 27 അദ്ധ്യാപകരും 4 അനദ്ധ്യാപകരും ഈ വിദ്യാലയത്തിന്റെ പുരോഗതിക്കായി വർത്തിക്കുന്നു.

## വിദ്യാലയ ഗാനം

## വിദ്യാലയ ഗാനം

നാടിൻ പൊൻ ദീപമായ്
വിജ്ഞാന കേന്ദ്രമായ് നീ
വിലസിടും പൂജ്യനിലയമേ
ഉയരു നീ വിജയമായ് സദാ.
നിറഞ്ഞയാർത്തിയോടിതാ വരുന്ന -
ഞങ്ങളിൽ സദാ -
ഏകണേ ... നൽവരം.
മഹിത നീ മനോജ്ഞയേ
ജ്ഞാന കേന്ദ്രമായ് മുദാ
വാഴ്ക നീ ജയം വരിച്ചു ഭൂവിൽ.
(നാടിൻ ...)
ഓ .... ഭാവിതൻ ഭാവുകം നീ
ഓ .... ഭാസുര കേദാരം നീ.
നീ അജ്ഞത മാറ്റീടുന്നു.
കുളിർമ്മയേകിടുന്ന് ജ്ഞാനമേകി
അരിയസുഷമയേകി നീ
വിലസു വിമല നിലയമേ
നിൻ തനയർ മേൽക്കുമേലുയരാൻ .
(നാടിൻ ...)
ഓ... മേരി തൻ നാമധേയം
ഓ... ഏന്തിടും വിദ്യാലയം.
നിൻ മക്കളായിടും ഞങ്ങൾ
ഉയർത്തിടുന്ന ഗീതകങ്ങളൊന്നായ്.
അമല വിജയ ഭേരി നീ
നാൾക്കു നാൾ മുഴക്കുവാൻ
നേർന്നിടുന്നു മങ്ങളങ്ങൾ ഞങ്ങൾ .
(നാടിൻ ...)

രചന സംഗീതം: കുട്ടൻ വട്ടയാൽ

## പ്രാർത്ഥനാ ഗാനം

ജഗദീശ്വരാ .... ജീവദായകാ
ദയവാരിധേ രാജനേ
സ്നേഹാമൃതം തൂകും അങ്ങയേ
വാഴ്ത്തുന്നിവർ സദാ
ബുദ്ധിശക്തിയും ധൈര്യവും സത്യവും
നന്മ ചെയ്യുവാനുള്ളൊരു വാഞ്ഛയും
തിന്മയിൽ ഞങ്ങൾ വീഴാതിരിപ്പാനും
ചിന്മയാ കാട്ടു നേർ വഴി
ജീവജാലങ്ങളിൽ അങ്ങയെ
കാണുവാനേകു നീ പാടവം (ജഗ ....)

രചന സംഗീതം: കുട്ടൻ വട്ടയാൽ

# ദർശനം (VISION)

SMHS Vision Statement

ജാതി മത വർഗ്ഗ ലിംഗ ഭാഷ ദേശാന്തരങ്ങൾക്കതീതമായ ഒരു സംസ്കാരത്തിന്റെ പ്രതിനിധിയായി പഠിച്ചുയരാൻ ജ്ഞാനവും വിജ്ഞാനവും പകരുന്ന വിദ്യാലയം.

To provide the light of wisdom to all who come here to rise above the barriers of cast, creed, race, sex, language and countries to stand as universal citizens.

# ദൗത്യം (MISSION)

SMHS - Mission Statement

മാനേജ്മെന്റും അദ്ധ്യാപകരും മറ്റു ജീവനക്കാരും മാതാപിതാക്കളും കുട്ടികളും അഭ്യുദയകാംക്ഷികളും തോളോടുതോളുചേർന്ന് വിദ്യാലയത്തിലും പുറത്തേയ്ക്കും വിജ്ഞാന ജ്വാല തെളിക്കാനും വാഹകരാകാനും ശ്രമിക്കണം. പഠനാവസരങ്ങൾ അതിന്റെ പൂർണ്ണ അർത്ഥത്തിൽ ലഭ്യമാക്കാനും വിദ്യാർത്ഥികളിൽ ലോകപൗരാവബോധം വളർത്താനും ലോകനന്മയ്ക്കായി പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധരാക്കാനും ഊന്നൽ നൽകണം.

The management, teachers and non teaching staff, parents and students and well wishers all stand hand in hand to kindle the light of wisdom in and around the schoool. Strive to provide maximum learning opportunities and facilities to help them grow into universal citizens and pledge to contribute for a better world.



**ഇരുപത്തേഴ് വർഷത്തെ നിസ്തുല സേവനത്തിനു ശേഷം ഈ വർഷം വിരമിക്കുന്ന ഞങ്ങളുടെ പ്രിയ റെജീന ടീച്ചർക്ക്**

## യാത്രമൊഴി

അകതാരിൽ അറിവിന്റെ
ദീപം തെളിയിച്ച
പ്രിയ റെജീന ടീച്ചർക്ക്
യാത്രമൊഴി
അറിവും സ്നേഹവും
ഉരുളയുരുട്ടി നീ
മധുരമാം ക്ലാസ്സിൽ പകർന്നു നൽകി
അടിസ്ഥാന ശാസ്ത്രങ്ങൾ
ഇംഗ്ലീഷ് ഭാഷ തൻ
സൗന്ദര്യം ചാലിച്ചു അരുമ
ശിഷ്യർക്കു വിളമ്പി നൽകി
ഇരുപത്തേഴ് വർഷങ്ങൾ
സൗഹൃദം കാത്തു നീ
ശിശുവിൻ മനമോടെ
പടിയിറങ്ങവേ
അധ്യാപനത്തിൻ
മധുരമാം സ്മരണകൾ
നിന്നിൽ നിറയട്ടെ
കണ്ണീരണിഞ്ഞൊരു യാത്രമൊഴി

അമ്പിളി അഗസ്റ്റിൻ
അധ്യാപിക

# അമ്മ

ബാല്യകാലത്തിന്റെ
മധുരസ്മരണകളിൽ
എന്നും ഒരു മധുരമായി എന്നമ്മ.
മനസ്സിൽ വിരിയുന്ന പൂവാടിയിൽ ഒരു
പനിനീർപുഷ്പമായി അവൾ ചമയുന്നു.
മാതൃത്വത്തിന്റെ മധുരമാം അമൃത്
പകരുന്ന അവളിന്ന് എങ്ങ് പോയി.
നിന്റെ തിരോധാനത്താൽ ഉറഞ്ഞുപോയ
എൻ നാടീഞെരമ്പുകൾക്ക് ഇനി ആര്
ഉണർവേകും?
എൻ നേത്രത്തിൻ മുമ്പിൽ നിൻ
ആനന്ദ മന്ദസ്മിതം മാത്രം ബാക്കി.
നിൻ മൃത്യുവിലൂടെ ഞാൻ
ഏകയായിരിക്കുന്നു.
ഇനി ആര് പകരും എൻ പാതയ്ക്ക് തുണ,
ഇനി ആര് പകരും എൻ മനസ്സിന് വെളിച്ചം



NEHA STANLY
IX A

# ഇന്ത്യയിലെ പ്രമുഖ ശാസ്ത്രജ്ഞന്മാർ

AKSHAY T ANIL
IX A

## വിക്രം സാരാഭായ്

വിക്രം സാരാഭായ് ഒരു ഇന്ത്യൻ ഉപഗ്രഹത്തിന്റെ നിർമ്മാണത്തിനും, വിക്ഷേപണത്തിനുമുള്ള ഒരു പദ്ധതി ആരംഭിച്ചു. തത്ഫലമായി ആദ്യത്തെ ഇന്ത്യൻ ഉപഗ്രഹമായ ആര്യഭട്ടയെ 1975-ൽ റഷ്യൻ കോസ്മോഡ്രോമിൽ നിന്ന് ഭ്രമണപഥത്തിൽ എത്തിച്ചു.

## എ. പി. ജെ. അബ്ദുൾ കലാം

അഗ്നി, പൃഥ്വി, ബാലിസ്റ്റിക് മിസൈലുകളുടെ വികസനത്തിന് പിന്നിലെ പ്രധാന വാസ്തുശില്പിയായിരുന്നു അദ്ദേഹം. ഇത് ഇന്ത്യയുടെ പ്രതിരോധശേഷി ശക്തിപ്പെടുത്തുകയും ആഗോള ശാസ്ത്രരംഗത്ത് അതിന്റെ സ്ഥാനം ഉറപ്പിക്കുകയും ചെയ്തു.

## ഹർ ഗോവിന്ദ് ഖൊറാന

എൻസൈമുകളുടെ സഹായത്തോടെ വ്യത്യസ്ത R.N.A ശൃംഖലകൾ നിർമിച്ചുകൊണ്ട് ഹർ ഗോവിന്ദ് ഖൊറാന ഈ മേഖലയ്ക്ക് സുപ്രധാന സംഭാവനകൾ നൽകി. ഈ എൻസൈമുകൾ ഉപയോഗിച്ച് പ്രോട്ടീനുകൾ ഉൽപാദിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

## സി. വി. രാമൻ

ഒരു പദാർത്ഥത്തിലൂടെ കടന്നു പോകുന്ന പ്രകാശം ചിതറിക്കിടക്കുന്നതും, ചിതറിക്കിടക്കുന്ന പ്രകാശത്തിന്റെ തരംഗദൈർഘ്യം മാറ്റപ്പെടുന്നതുമായ 'രാമൻ ഇഫക്ടിന്റെ 'കണ്ടുപിടിത്തത്തിന് സി. വി.രാമന് 1930 ലെ ഭൗതീകശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു.

## പ്രഫുല്ല ചന്ദ്രറേ

1895-ൽ അദ്ദേഹം സ്ഥിരതയുള്ള മെർക്കുറസ് നൈട്രേറ്റ് കണ്ടെത്തി. ബ്രിട്ടീഷ് ഗവൺമെന്റ് അദ്ദേഹത്തെ CIE (കമ്പാനിയൻ ഓഫ് ദി ഇന്ത്യൻ എംപയർ) സാമ്രാജ്യത്വ പദവി നൽകി ആദരിച്ചു. തുടർന്ന് 1919-ൽ നൈറ്റ്ഹുഡ് ലഭിച്ചു. 1920-ൽ അദ്ദേഹം ഇന്ത്യൻ സയൻസ് കോൺഗ്രസിന്റെ ജനറൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

## ശ്രീനിവാസ രാമാനുജൻ

ഇരുനൂറിനപ്പുറമുള്ള സംഖ്യകളുടെ വിഭജനത്തിന്റെ ആദ്യ ഏകദേശ കണക്കുകൾ നൽകുന്ന സർക്കിൾ രീതി രാമാനുജനും, എച്ച്. ജി. ഹാർഡിയും കണ്ടെത്തി. ഇരുപതാം നൂറ്റാണ്ടിലെ സങ്കീർണമായ പ്രശ്നങ്ങളായ വാറിംഗിന്റെ അനുമാനങ്ങളും മറ്റു ചോദ്യങ്ങളും പരിഹരിക്കുന്നതിന് ഈ രീതി വളരെ ഉപകാരപ്രദമായിതീർന്നു.

## ജഗദീഷ് ചന്ദ്രബോസ്

സസ്യങ്ങളുടെ വളർച്ച അളക്കുന്നതിനുള്ള ക്രസ്കോഗ്രാഫ് അദ്ദേഹം കണ്ടുപിടിച്ചു. ചന്ദ്രനിലെ ഒരു ഗർത്തത്തിന് അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം പേരിട്ടു. അദ്ദേഹം ബോസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. ഇന്ത്യയിലെ ഒരു പ്രധാന ഗവേഷണ സ്ഥാപനവും, ഏറ്റവും പഴക്കംചെന്ന ഗവേഷണസ്ഥാപനവുമാണ് അത്. 1917ൽ സ്ഥാപിതമായ ഈ സ്ഥാപനം ഏഷ്യയിലെ ആദ്യത്തെ ഇൻഡെർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രമായിരുന്നു.

# കേരളത്തിലെ ഔഷധസസ്യങ്ങൾ

JOHNCY JOHNSON
IX A

## ദശപുഷ്പങ്ങൾ

ദശപുഷ്പം (സംസ്കൃതത്തിൽ "ദശ "എന്നാൽ പത്ത് എന്നും "പുഷ്പം" എന്നാൽ പൂക്കൾ എന്നും ആണ് അർത്ഥം .) അഥവാ കേരളത്തിലെ പത്ത് വിശുദ്ധ പുഷ്പങ്ങൾ ,കേരളത്തിലെ ജനങ്ങൾക്ക് പരമ്പരാഗതമായി പ്രാധാന്യമുള്ള പത്ത് ഔഷധങ്ങളാണ് . ഈ ഔഷധസസ്യങ്ങൾ  കേരളത്തിൽ  മിക്കവാറും എല്ലായിടത്തും കാണപ്പെടുന്നു ,പ്രത്യേകിച്ച് പശ്ചിമഘട്ട മേഖലയിൽ അലങ്കാര ആവശ്യങ്ങൾക്കാണ് ഇവ ഉപയോഗിക്കുന്നത് . കേരളത്തിൽ നാടൻ ഔഷധങ്ങൾ തയ്യാറാക്കാനം ഉപയോഗിക്കുന്നു.
ദശപുഷ്പങ്ങൾ : ചെറൂള , കറുക , കയ്യോന്നി , മുക്കുറ്റി , മുയൽചെവിയൻ , നിലപ്പന , പൂവാംകുരുന്നില ,തിരുതാളി ,ഉഴിഞ്ഞ ,വിഷ്ണുക്രാന്തി

മറ്റു ചില ഔഷധസസ്യങ്ങൾ

## തുമ്പ

കേരളത്തിൽ സാധാരണയായി കണ്ടുവരുന്ന ഒരു സസ്യമാണ് തുമ്പ. ഓണാഘോഷങ്ങളിൽ പ്രധാനിയാണ് തുമ്പപ്പൂവ്. കർക്കിടകമാസത്തിൽ നന്നായി വളരാൻ തുടങ്ങുന്ന ഇവ ഓണമാകുന്നതോടെ പൂക്കാൻ തുടങ്ങുന്നു. ഇവയ്ക്ക് വെളുത്ത നിറമാണ്. പരിശുദ്ധിയുടെയും ലാളിത്യത്തിന്റെയും പ്രതീകമാണ് തുമ്പപ്പൂവ്. തുമ്പ , കരിന്തുമ്പ , പെരുന്തുമ്പ എന്നിങ്ങനെ മൂന്ന് തരത്തിൽ ഈ ചെടി കാണപ്പെടുന്നുണ്ട്. ഇതിനെല്ലാം ഔഷധഗുണമുണ്ട് . 60 സെ.മി വരെ ഉയരത്തിൽ നിവർന്നു വളരുന്ന ഒരു സസ്യമാണ് തുമ്പ. തലവേദന , പനി, ഉദരരോഗം, ജലദോഷം, നേത്രരോഗങ്ങം തുടങ്ങി നിരവധി രോഗങ്ങൾക്ക് ഔഷധമായി ഈ സസ്യം ഉപയോഗിക്കുന്നു

## അകത്തി

വെളുപ്പും, ചുവപ്പും, , മഞ്ഞയും, നീലയും നിറമുള്ള പൂവുകളോട്  കൂടിയ നാലിനം അകത്തികൾ ഉണ്ട്. പക്ഷേ ചുവന്ന പൂക്കളും വെള്ള പൂക്കളും ഉള്ള ഇനങ്ങളാണ് സാധാരണ കണ്ടുവരുന്നത്. ഇലകൾ സംയുക്തപർണങ്ങളും അവയുടെ ക്രമീകരണം സമ്മുഖരീതിയിലുമാണ്. പർണവ്രന്ത തല്പങ്ങളും അനുപർണങ്ങളും ഉണ്ട്. ഫെബ്രുവരി മാർച്ച് മാസങ്ങളിൽ ഇലക്കും തണ്ടിനും ഇടക്കുള്ള കക്ഷത്തിൽ പുഷ്പമഞ്ചരികൾ ഉണ്ടാകുന്നു. പൂമൊട്ടിന് അരിവാളിന്റെ ആകൃതിയാണ്. പുഷ്പങ്ങളുടെ ബാഹ്യദളപുടത്തിൽ അഞ്ചു ബാഹ്യദളങ്ങളും, ദളപുടത്തിൽ സ്വതന്ത്രമായ അഞ്ചു ദളങ്ങളും കാണാം. ഒരു പതാക ദളവും രണ്ടു പക്ഷ ദളങ്ങളും രണ്ടു പോതക ദളങ്ങളും പത്തു കേസരങ്ങളുമുണ്ട്. കേസരങ്ങളിൽ ഒമ്പതെണ്ണം ഒരു കറ്റയായും ഒരെണ്ണം സ്വതന്ത്രമായും കാണപ്പെടുന്നു. പുഷ്പങ്ങൾ ദ്വലിംഗങ്ങൾ ആണ്. കേസരപുടത്തിൽ പത്തു കേസരങ്ങളും ജനിപുടത്തിൽ ഒരു ജനിപത്രവും  ഒരു അണ്ഡാശയവും കാണുന്നു. ഒറ്റ അറമാത്രമുള്ള ഊർധ്വവർത്തി അണ്ഡാശയമാണിതിന്. കായ്കൾക്കു ഏകദേശം 30-40 സെ. മീ. നീളം. അകത്തി വീടുകളിലെ തൊട്ടങ്ങളിൽ വച്ചുപിടിക്കാവുന്ന ഒരു സസ്യമാണ്. ഇലയും പൂവും കറി വയ്ക്കാൻ ഉപയോഗിക്കുന്നു. മുരിങ്ങക്കായ് പോലുള്ള കായയ്ക്ക് 30 സെ.മീ നീളവും  3-4 മി മീ ഘനവും ഉണ്ടാകും. ഒരു കായയിൽ 15-50 വിത്തുകളുണ്ടാവും. പിത്ത കഫങ്ങൾ ശമിപ്പിക്കും, മുറിവുണങ്ങാൻ, ജ്വരം മുതലാവയയ്ക്ക് ഉപയോഗിക്കുന്നു .

## ഞാവൽ

ഭാരതത്തിൽ അധികവരൾച്ചയുള്ള പ്രദേശങ്ങളൊഴികെയുള്ള പ്രദേശങ്ങളിലും പ്രധാനമായു, ഡൽഹി, ഉത്തർപ്രദേശ്, കേരളം എന്നിവിടങ്ങളിൽ കണ്ടുവരുന്ന ഒരു നിത്യഹരിതവൃക്ഷമാണ് ഞാവൽ (ഇംഗ്ലീഷ്:Malabar plum, Java plum, black plum, jamun, jaman, jambul, or jambolan,). ഞാവുൾ, ഞാറ എന്നിങ്ങനേയും പ്രാദേശികമായി അറിയപ്പെടുന്നു. മിർട്ടേസി സസ്യകുടുംബത്തിൽ ഉൾപ്പെടുന്ന ഞാവലിന്റെ ശാസ്ത്രീയനാമം Syzygium cumini എന്നാണ്.  പ്രമേഹം, ത്വക്ക് രോഗങ്ങൾ ഉപയോഗിക്കുന്നു.



# ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പിലെ എൻ്റെ അനുഭവങ്ങൾ..

ലിറ്റിൽ കൈറ്റ്സ് ഐടി ക്യാമ്പിൽ പങ്കെടുക്കുന്നത് എന്നെ സംഭന്തിച്ചിടത്തോളം വലിയൊരു അവസരമായിരുന്നു അതിലുപരി പുതിയ പുതിയ ,ഭാവിയിൽ ഉപകാരപ്രദമായ കാര്യങ്ങൾ അറിയുന്നതിനുള്ള , പഠിക്കുന്നതിനുള്ള ഒരു വേദികൂടിയായിരുന്നു. ഉപജില്ലാ ക്യാമ്പിൽ നിന്ന് എന്നെ ജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുത്തത് , എൻ്റെ അറിവിനെ മറ്റൊരു തലത്തിലേക്ക് കൊണ്ടു വന്ന ആവേശകരമായ വഴിത്തിരിവായി മാറി. അവിസ്മരണീയമായ അനുഭവങ്ങൾ നിറഞ്ഞ ഈ ക്യാമ്പിന് വേദിയായത് ആലപ്പുഴ മേരി ഇമ്മാക്കുലേറ്റ് ഹൈസ്കൂൾ, ( പൂങ്കാവ്) ആയിരുന്നു. പുതിയ സുഹൃത്തുക്കളും, പുതിയ വെല്ലുവിളികളും , പുതിയ പ്രവർത്തനങ്ങളും, പുതിയ അറിവുകളും നിറഞ്ഞതായിരുന്നു ക്യാമ്പിലെ രണ്ട് ദിവസങ്ങൾ.

ജില്ലാ ക്യാമ്പിലേക്ക് വിജയിക്കണമെന്ന സ്വപ്നത്തോടെ ഓരോരുത്തരും വന്നെത്തി. അതിലൊരാളായി ഞാനും. ഓരോ പങ്കാളിയിൽ നിന്നും ഏറ്റവും മികച്ചത് ആവശ്യപ്പെട്ട മത്സരങ്ങൾ ഒന്നിനുപിറകേ ഒന്നായി വന്നു കൊണ്ടിരുന്നു. അവ കഠിനപ്പെട്ടുകൊണ്ടേയിരുന്നു. ജയത്തിനു വേണ്ടി കഠിനാധ്വാനം ചെയ്തു. പരാജയങ്ങൾ എൻ്റെ മനസ്സിനെ തളർത്തി. അവിടെയൊക്കെ സൗഹൃദത്തിൻ്റെ മാന്ത്രിക ശക്തി എങ്ങനെയൊക്കെയോ എൻ്റെ മനസ്സിനെ തഴുകി.

സ്കൂളിൻ്റെ അന്തരീക്ഷം ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് സുഖപ്രദമായ പശ്ചാത്തലം നൽകി. ക്യാമ്പിൽ ഞങ്ങളെ തേടിയ വിഭവങ്ങളുടെ കൊതിപ്പിക്കുന്ന സുഗന്ധവും , ഭക്ഷണത്തിൻ്റെ രുചിയുമൊക്കെ മുന്നോട്ടു കുതിക്കാനുള്ള ഊർജ്ജത്തിൻ്റെ കാരണമായി മാറി. ശാരീരികമായും മാനസികമായും ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നെങ്കിലും ഞാൻ ശ്രമിച്ചു കൊണ്ടേയിരുന്നു.

രാത്രികൾ മറ്റൊരു കഥയായിരുന്നു. പഠിച്ചതിനെക്കുറിച്ച് തലങ്ങും വിലങ്ങും ചിന്തിക്കുകയായിരുന്നു. പഠിപ്പിച്ചതെല്ലാം ഓർത്തെടുക്കാൻ ശ്രമിച്ചു. അങ്ങനെ ആ രാത്രി കടന്നുപോയി.

രാവിലെ തിരികെയെത്തി. കൂട്ടുകാരോടൊപ്പം വീണ്ടും ക്ലാസ്സിലേക്ക്. ലക്ഷ്യബോധത്തോടെയും അർപ്പണബോധത്തോടെയും ശ്രമിച്ചാൽ എനിക്ക് ചെയ്യാൻ സാധിക്കും എന്ന ആത്മധൈര്യത്തോടെ അന്നത്തെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

മത്സരം, വെല്ലുവിളി നിറഞ്ഞതായിരുന്നു. ചെറിയ മത്സരങ്ങൾ മൊത്തത്തിലുള്ള അനുഭവത്തിന് എരുവ്വ ചേർത്തു.അത് ഞാൻ എന്നും ഓർക്കുന്ന, വിലമതിക്കുന്ന ഒരു അവിസ്മരണീയമായ യാത്രയായി മാറി.

അവസാനം എല്ലാവരുടെയും സൗഹൃദത്തിൻ്റെയും സഹിഷ്ണുതയുടെയും വെല്ലുവിളികളെ അതിജീവിച്ചതിൻ്റെ സന്തോഷത്തിൻ്റെയും ആഘോഷമായി ഐസ് ക്രീമും കഴിച്ച് സർട്ടിഫിക്കറ്റുമായി പിരിഞ്ഞിറങ്ങി.

ഞങ്ങളെ പഠിപ്പിക്കാനായി ആലപ്പുഴ മേരി ഇമ്മാക്കുലേറ്റ് സ്കൂൾ -ൽ എത്തിച്ചേർന്ന് തങ്ങളുടെ കുടുംബത്തിലെ ഉത്തരവാദിത്വങ്ങളും ജോലികളും മാറ്റിവച്ച് പ്രവർത്തിച്ച പ്രീയപ്പെട്ട അധ്യാപകരുടെ സ്നേഹത്തെയും കരുതലിനേയും നന്ദിയോടെ ഓർക്കുന്നു. അവരുടെ സേവന ഞങ്ങളെപ്പോലെയുള്ള കുരുന്നുകൾക്ക് ഉപകാരപ്രധമായിരുന്നു.

- അന്ന സി.എസ്
സെൻ്റ് മേരീസ് എച്ച് എസ്
വട്ടയാൽ ആലപ്പുഴ

# നീരാളികൾ



NEHA STANLY

ഭൂമിയുടെ ചരിത്രത്തിലെ ഏറ്റവും പഴക്കമുള്ള ജീവികളിൽ ഒന്നാണ് നീരാളികൾ. ഇതുവരെ കണ്ടുപിടിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും പഴക്കം ചെന്ന പുരാതന നീരാളി ഫോസിൽ അവശിഷ്ടങ്ങൾക്ക് ഏകദേശം 330 ദശലക്ഷം വർഷം പഴക്കമുണ്ട്. സെഫല പോഡ് ഇനത്തിൽപ്പെട്ട ജീവികളാണ് നീരാളികൾ. ഇവയ്ക്ക് എട്ടു കൈകൾ ആണുള്ളത് ഇവയുടെ കൈകളുടെ അടിഭാഗത്തെ സക്കേഴ്സ് ഉപയോഗിച്ചാണ് ഇവ സഞ്ചരിക്കുന്നത്. ഒരു കൈയിൽ ഏകദേശം 250 സക്കേഴ്സ് കാണപ്പെടുന്നു. ഒരു നീരാളിയുടെ ശരീരത്തിൽ ഏകദേശം 500 ദശലക്ഷം ന്യൂറോണുകൾ ഉണ്ട് അതിൽ മൂന്നിൽ രണ്ട് ഭാഗം ന്യൂറോണുകളും അതിന്റെ കൈകളിലാണ് ഉള്ളത്  ബാക്കിയുള്ളത് അതിന്റെ തലച്ചോറിലും ആണുള്ളത്  അതുകൊണ്ട് തന്നെ അവയുടെ കൈകൾക്കും സ്വയം ചിന്തിച്ചു പ്രവർത്തിക്കാനുള്ള കഴിവുണ്ട്.നീരാളികൾക്ക് മൂന്ന് ഹൃദയങ്ങൾ ഉണ്ട് അതിൽ രണ്ട് ഹൃദയങ്ങളും അവയുടെ ചെകിളകൾക്ക് വേണ്ടിയാണ് പ്രധാനപ്പെട്ട ഒരെണ്ണം ശരീരം മുഴുവൻ രക്തം എത്തിക്കുനതിന് വേണ്ടിയാണ്, അതിന് എന്തെങ്കിലും സംഭവിച്ചാൽ അവ പിന്നെ ജീവിച്ചിരിക്കുകയില്ല. നീരാളിയുടെ രക്തത്തിന് നീല നിറമാണ് രക്തത്തിലടങ്ങിയിരിക്കുന്ന കോപ്പറാണ് ഇതിന് കാരണം. നീരാളികൾക്ക് എല്ലാം തന്നെ പൊതുവെ വിഷമുള്ളതാണ് പക്ഷെ മനുഷ്യനെ കൊല്ലാൻ തക്ക വിഷമുള്ളത് ബ്ലൂ റിംഗ്ട് നീരാളിക്കാണ്.

ഹപലോച്ലീന ജനസ്സിൽ ഉൾപ്പെടുന്ന നീല-വളയമുള്ള നീരാളികൾ അത്യന്തം വിഷമുള്ളവയാണ്. ജപ്പാൻ മുതൽ ഓസ്‌ട്രേലിയ വരെയുള്ള പസഫിക്, ഇന്ത്യൻ സമുദ്രങ്ങളിലെ വേലിയേറ്റ കുളങ്ങളിലും പവിഴപ്പുറ്റുകളിലും കാണപ്പെടുന്ന നീരാളികളുടെ ഇനമാണ് ബ്ലൂ റിംഗ്ട് നീരാളികൾ . അവയുടെ മഞ്ഞകലർന്ന ചർമ്മവും സ്വഭാവ സവിശേഷതകളായ നീലയും കറുപ്പും ഉള്ള വളയങ്ങളാൽ ഇവയെ തിരിച്ചറിയാൻ കഴിയും, ഇത് മൃഗത്തിന് ഭീഷണിയാകുമ്പോൾ നാടകീയമായി നിറം മാറാൻ കഴിയും. ഞണ്ടുകൾ, സന്യാസി ഞണ്ടുകൾ, ചെമ്മീൻ, മറ്റ് ചെറിയ കടൽ മൃഗങ്ങൾ എന്നിവയുൾപ്പെടെ ചെറിയ ക്രസ്റ്റേഷ്യനുകളെ അവർ ഭക്ഷിക്കുന്നു.
ലോകത്തിലെ ഏറ്റവും വിഷമുള്ള സമുദ്രജീവികളിൽ ഒന്നാണ് ഇവ. അവയുടെ വലിപ്പം 12 മുതൽ 20 സെൻ്റീമീറ്റർ വരെ (5 മുതൽ 8 ഇഞ്ച് വരെ) - താരതമ്യേന സൗമ്യമായ സ്വഭാവം ഉണ്ടെങ്കിലും, കൈകാര്യം ചെയ്യുമ്പോൾ അവ വളരെ അപകടകരമാണ്, കാരണം ഇവയുടെ വിഷത്തിൽ ടെട്രോഡോടോക്സിൻ എന്ന ശക്തമായ ന്യൂറോടോക്സിൻ അടങ്ങിയിട്ടുണ്ട്. ഈ ഇനത്തിന് ഏകദേശം രണ്ടോ മൂന്നോ വർഷം ആയുസ്സുണ്ട്. പോഷകാഹാരം, താപനില, അതിൻ്റെ പരിസ്ഥിതിയിലെ പ്രകാശത്തിൻ്റെ തീവ്രത തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ച് ഇത് വ്യത്യാസപ്പെടാം.

നീരാളികൾക്ക് നിമിഷങ്ങൾക്കുള്ളിൽ നിറം മാറാൻ സാധിക്കും. നീരാളികളിൽ ഏറ്റവും വലിയ നീരാളിയാണ് ജയന്റ് പാസഫിക്ക് നീരാളികൾ.

വടക്കൻ പസഫിക് ഭീമൻ എന്നറിയപ്പെടുന്ന ഭീമൻ പസഫിക് നീരാളി (എൻ്ററോക്ടോപസ് ഡോഫ്ലെനി) എൻ്ററോക്ടോപസ് ജനസ്സിൽ പെടുന്ന ഒരു വലിയ മറൈൻ സെഫലോപോഡാണ്. ഇതിൻ്റെ പ്രത്യേക വിതരണത്തിൽ തീരദേശ വടക്ക് പസഫിക്കിൻ്റെ ഭൂരിഭാഗവും ഉൾക്കൊള്ളുന്നു, മെക്സിക്കോ, കാലിഫോർണിയ, ഒറിഗോൺ, വാഷിംഗ്ടൺ, അലാസ്ക, അലൂഷ്യൻ ദ്വീപുകൾ , കാനഡയിലെ ബ്രിട്ടീഷ് കൊളംബിയ; വടക്കൻ പസഫിക്കിന് കുറുകെ റഷ്യൻ ഫാർ ഈസ്റ്റ് വരെ , തെക്ക് കിഴക്കൻ ചൈനാ കടൽ, മഞ്ഞക്കടൽ, ജപ്പാൻ കടൽ, ജപ്പാൻ്റെ പസഫിക് കിഴക്കൻ തീരം, കൊറിയൻ ഉപദ്വീപിന് ചുറ്റും. ഇൻ്റർറ്റിഡൽ സോൺ മുതൽ 2,000 മീറ്റർ (6,600 അടി) വരെ ഇത് കണ്ടെത്താനാകും, കൂടാതെ തണുത്തതും ഓക്സിജനും പോഷകങ്ങളും അടങ്ങിയ വെള്ളവുമായി ഇത് നന്നായി പൊരുത്തപ്പെടുന്നു. ഭൂമിയിലെ ഏറ്റവും വലിയ നീരാളി ഇനമാണ് ഭീമൻ പസഫിക്ക് നീരാളി.

ഏറ്റവും ചെറുതാണ് വോൾഫി നീരാളികൾ.ലോകത്തിലെ ഏറ്റവും ചെറിയ നീരാളിയാണ് സ്റ്റാർ-സക്കർ പിഗ്മി ഒക്ടോപസ് എന്നും അറിയപ്പെടുന്ന വോൾഫി ഒക്ടോപസ്. ശരാശരി, ഈ നീരാളികൾക്ക് ഒരു ഗ്രാമിൽ താഴെ ഭാരവും ഒരു സെൻ്റീമീറ്ററിൽ കൂടുതൽ നീളവും മാത്രമേ ഉണ്ടാകൂ. പടിഞ്ഞാറൻ പസഫിക് സമുദ്രത്തിൽ ഉടനീളം കാണപ്പെടുന്ന ഇവ തീരപ്രദേശത്ത് നിന്ന് വളരെ അകലെയല്ല. അവയുടെ ചെറിയ വലിപ്പം കാരണം, വോൾഫി നീരാളി ഏകദേശം ആറ് മാസത്തോളം ജീവിക്കുന്നു.
വിരിഞ്ഞുവരുമ്പോൾ, വോൾഫി നീരാളികൾ ഏറ്റവും ചെറിയ പ്ലവകമായ നാനോപ്ലാങ്ക്ടണിനെ ഭക്ഷിക്കുന്നു. വോൾഫി ഒക്ടോപസുകൾ ആഴം കുറഞ്ഞ വെള്ളമാണ് ഇഷ്ടപ്പെടുന്നത്, സാധാരണയായി 30 മീറ്ററിൽ കൂടുതൽ ആഴത്തിലാണ് ജീവിക്കുന്നത്.

# പൊതുവിജ്ഞാന ചോദ്യോത്തരങ്ങൾ

ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച് 2023 ജൂണിൽ ജനസംഖ്യയുടെ
കാര്യത്തിൽ ഇന്ത്യ ചൈനയെ മറികടക്കുമ്പോൾ ഇന്ത്യയുടെ
ജനസംഖ്യ എത്രയായി വർധിക്കും?
ഉത്തരം: 142.86 കോടി

സ്വർണ്ണാഭരണത്തിന്റെ പരിശുദ്ധി ഉറപ്പിക്കാനും വിൽപ്പന
സുതാര്യമാക്കാനുമായി കേന്ദ്രസർക്കാർ അവതരിപ്പിച്ച സംവിധാനം ഏത്?
ഉത്തരം: ഹാൾമാർക്ക് യൂണീക്ക് ഐഡന്റിഫികേഷൻ(H.U.I.D)

ഇന്ത്യയിൽ പക്ഷികൾക്കുവേണ്ടി നിർമ്മിച്ച ആദ്യ ആശുപത്രി ഏത്?
ഉത്തരം: ദി ചാരിറ്റബിൾ ബേഡ്സ് ഹോസ്പിറ്റൽ

ഏഷ്യയിലെ ആദ്യ ബട്ടർഫ്ലൈ സഫാരി പാർക്ക് ?
ഉത്തരം: തെന്മല

മലയാളത്തിലെ ആദ്യത്തെ ചെറുകഥ ഏത്?
ഉത്തരം: വാസനാവികൃതി

കേരളത്തിൽ എത്ര ഉദ്യാനങ്ങൾ ഉണ്ട് ?
ഉത്തരം: 5

Unaids എന്നാണ് പ്രവർത്തനം ആരംഭിച്ചത് ?
ഉത്തരം: 1996

ആദ്യമായി ചന്ദ്രോപരിതലം സ്പർശിച്ച പേടകമേതാണ് ?
ഉത്തരം: ലൂണ 2

ലോകത്തിലെ ഏറ്റവും വലിയ ടെലസ്കോപ്പ് ?
ഉത്തരം: ജെയിംസ് വെബ് സ്പെയിസ് ടെലസ്കോപ്പ് (NASA)

'Bird man of India' എന്ന് അറിയപെടുന്നതാര് ?
ഉത്തരം: Dr. സലീം അലി

മൗഗ്ലി കേന്ദ്ര കഥാപാത്രമായി ജംഗിൾ ബുക്ക്
എന്ന നോവൽ രചിച്ചത് ആര്?
ഉത്തരം: Rudiyart Klipping

ആദ്യ വനിത ബഹിരാകാശ സഞ്ചാരി ?
ഉത്തരം: വാലെന്റീന ടെരസ്കോവ

ഋതുക്കളുടെ കവി എന്നറിയപ്പെടുന്നത് ?
ഉത്തരം : ചെറുശ്ശേരി

സൗരയൂഥം ഉൾക്കൊള്ളുന്ന ഗാലക്സി ഏത് ?
ഉത്തരം: ക്ഷീരപഥം (Milky way)

NACP യുടെ പൂർണ്ണ രൂപം എന്ത് ?
ഉത്തരം: National Aids Control Programme

## ശാസ്ത്രജ്ഞൻമാരും കണ്ടുപിടുത്തങ്ങളും

1. തോമസ് ആൽവാ എഡിസൺ - വൈദ്യുത ബൾബ്
2. റോൺജൻ - എക്സ് - റേ
3. അലക്സാണ്ടർ ഗ്രഹാം ബെൽ - ടെലിഫോൺ
4. ചാൾസ് ബാബേജ് - കമ്പ്യൂട്ടർ
5. റൈറ്റ് ബ്രദേഴ്സ് - വിമാനം
6. എഡ്വേർസ് ജന്നർ - വാക്സിനേഷൻ
7. ടോറിസെല്ലി - ബാരോമീറ്റർ
8. മാർകോണി - റേഡിയോ
9. സക്കറിയാസ് ജാൻസൻ - മൈക്രോസ്കോപ്പ്
10. റെനെ ലാനെക് - സ്റ്റെതസ്കോപ്പ്
11. കൊർണേലിസ് ഡ്രെബെൽ - സബ്മറൈൻ
12. ആൽഫ്രഡ് നോബൽ - ഡൈനാമൈറ്റ്
13. അലക്സാണ്ടർ ഫ്ലെമിംഗ് - പെനിസിലിൻ
14. എഡിസൺ -ഗ്രാമ ഫോൺ
15. മോണ്ട് ഗോൺഫിയർ - ബലൂൺ

NOULA N



# SOME FUN FACTS

*A giraffe's heart weighs about 11 kilograms.*

*The sunset on Mars appears blue.*

*A region of our brain called the hypothalamus regulates your patterns of sleep and wakefulness, matching them to the 24 – hour cycle of day and night.*

*Wolves can go for over a week without eating.*

*A tiger's legs are so powerful that they can remain standing even when dead.*

NEHA STANLY

# ഇടവഴിയിലെ തണൽ മരം

ക്രമബഹുലമീനിത്യജീവിത വഴിയിലാരിത് ?പൂർവ്വമാം

? ചാരു സംഗീതമോ

യാത്ര തുടരവേ എപ്പോഴോ എവിടെയോ ഹൃദയനേത്ര

കിരണങ്ങളെത്തുന്നു എന്റെ കുതിപ്പിൽ

നിർത്താപാച്ചിലിൽ നേർത്ത സാന്ത്വനമായ്

പ്രിയതരം ഭാവം .... പറഞ്ഞുകഴിഞ്ഞാൽ ചെറുതായി

പോകും വാക്കുകൾക്ക് അർത്ഥമില്ലെന്ന് പറഞ്ഞു പറന്നു

പോയതെവിടെ

....... മന്ദിപ്പാണ് ......മരവിപ്പാണ്

പ്രണയം ഇല്ലെങ്കിൽ ഉടലിനോളം കടുപ്പമുള്ള

മരമില്ലെന്ന് ആരോ പറഞ്ഞുവോ ? അറിയാതിരിക്കാം

.നമുക്ക് ... പറയാതെയറിയാതെ -യകലാതിരിക്കാം

സ്മിത സൈമൺ
അധ്യാപിക



# വള്ളംകളി

JOHNCY JOHNSON

കേരളത്തിന്റെ തനതായ ജലോത്സവമാണ് വള്ളം കളി. സമൃദ്ധിയുടെ ഉത്സവമായ ഓണക്കാലത്താണ് സാധാരണയായി വള്ളം കളി നടക്കുക. പല തരത്തിലുള്ള പരമ്പരാഗത വള്ളങ്ങളും വള്ളംകളിക്ക് ഉപയോഗിക്കുന്നു. ഇവയിൽ പ്രധാനം ചുണ്ടൻ വള്ളമാണ്. ഇന്ന് വള്ളം കളി ഒരു പ്രധാന വിനോദസഞ്ചാര ആകർഷണമായി മാറിയിരിക്കുന്നു. ചുരുളൻ വള്ളം, ഇരുട്ടുകുത്തിവള്ളം, ഓടിവള്ളം, വെപ്പുവള്ളം, വടക്കന്നോടിവള്ളം, കൊച്ചുവള്ളം തുടങ്ങിയവയാണ് വള്ളം കളിയിൽ പ്രധാനമായി ഉപയോഗിക്കുന്നത്. അറന്മുള ഉത്രട്ടാതി വള്ളം കളി, കുമരകം ശ്രീ. നാരായണഗുരു ജയന്തി വള്ളം കളി , നെഹ്റു ട്രോഫി വള്ളം കളി, പ്രസിഡന്റ്സ് ട്രോഫി ജലോത്ധവം ചമ്പകുളം വള്ളംകളി, തുടങ്ങി നിരവധി പ്രശസ്തമായ വള്ളം കളികളാണ് കേരളത്തിലുള്ളത്.

കൃഷ്ണന സമർപ്പിച്ചിരിക്കുന്ന, ദക്ഷിണ ഭാരതത്തിലെ പ്രധാനപ്പെട്ട വൈഷ്ണ വ ക്ഷേത്രങ്ങളിലൊന്നായ ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിനടുത്ത് പമ്പാനദിയിലാണ് വള്ളംകളി നടക്കുന്നത്. . ക്ഷേത്രത്തിലെ വിഗ്രഹ പ്രതിഷ്ഠാദിനമായ ചിങ്ങമാസത്തിലെ ഉതൃട്ടാതിനാളിലാണ് പമ്പാനദിയിൽ ആറന്മുള വള്ളംകളി നടക്കുന്നത്.

ശ്രീ നാരായണഗുരുവിന്റെ കുമരകം സന്ദർശനത്തിന്റെ ഓർമ്മ പുതുക്കിക്കൊണ്ടാണ് നാലാം ഓണത്തിന് ചതയം നാളിൽ കുമരകം കോട്ടാത്തോട്ടിൽ എല്ലാ വർഷവും വള്ളംകളി നടക്കുന്നത്. കുമരകത്ത് ഒരു ആരാധനാലയം വേണമെന്ന ഈഴവ സമാജം നേതാക്കൽ ശ്രീ നാരായണഗുരുവിനെ കണ്ട് അഭ്യർത്ഥിച്ചിരുന്നു. വിഗ്രഹ പ്രതിഷ്ഠ നടത്താൻ താൻ വരാമെന്നും ഒപ്പം ഒരു പള്ളിക്കൂടം കൂടി സ്ഥാപിക്കണമെന്നും ഗുരു അവരോട് ആവശ്യപ്പെട്ടു. 1903 ൽ അധികം വൈകാതെ തന്നെ ഗുരു കുമരകത്ത് എത്തുകയും ഉണ്ടായി. ആലപ്പുഴ നിന്നും കുമരകത്തുകാർ ആഘോഷമായാണ് ഗുരുവിനെ നാട്ടിലേക്ക് വള്ളത്തിൽ കൊണ്ടുവന്നത്. സുബ്രഹ്മണ്യ ചിത്രവും ഒരു വേലുമാണ് ഗുരു പ്രതിഷ്ഠ നടത്തിയത്.

കേരളത്തിലെ വള്ളംകളിയിൽ ഏറ്റവും പ്രശസ്തമേതെന്ന് ചോദിച്ചാൽ അത്

നെഹ്റുട്രോഫി വള്ളംകളിയാണ്. ഏറ്റവും കൂടുതൽ പങ്കാളിത്തമുള്ള ജലമേളയും അത് തന്നെ. ആലപ്പുഴ പട്ടണത്തിന് കിഴക്ക് വശത്തുള്ള പുന്നമടക്കായലിലാണ് വർഷം തോറും നെഹ്റുട്രോഫി വള്ളംകളി നടക്കുക. വള്ളംകളികളിൽ പരമ്പരാഗതമായ ആചാരങ്ങൾ ഒന്നും ഇല്ലാത്തതാണ് നെഹ്റുട്രോഫി വള്ളംകളി. 1952 ൽ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ ആലപ്പുഴ സന്ദർശനവുമായി ബന്ധപ്പെട്ടാണ് ഈ ജലമേളയുടെ തുടക്കം.

കൊല്ലം ജില്ലയിൽ അഷ്ടമുടിക്കായലിൽ വർഷം തോറം നടത്തുന്ന വള്ളംകളിയാണ് പ്രസിഡന്റ്സ് ട്രോഫി വള്ളംകളി. 2011 ആഗസ്റ്റ് 30 നാണ് ആദ്യ ജലോത്സവം നടന്നത്. മത്സരം കാണാൻ അന്ന രാഷ്ട്രപതി പ്രതിഭാപാട്ടിൽ എത്തിയതിനെത്തുടർന്നാണ് പ്രസിഡന്റ്സ് ട്രോഫി വള്ളംകളിയെന്ന പേര് നൽകിയത്. അഷ്ടമുടിക്കായലിൽ തേവള്ളി പാലം മുതൽ കെ.എസ്.ആർ.ടി.സി ബസ്സ് സ്റ്റേഷൻ സമീപത്തുള്ള ബോട്ട് ജട്ടിവരെയാണ് മത്സരങ്ങൾക്കുള്ള ട്രാക്ക്. 1200 മീറ്റർ നീളമുണ്ട് ഈ മത്സര ട്രാക്കിന്. പത്ത് മീറ്റർ വീതിയിൽ 4 ട്രാക്കുകളിലായാണ് മത്സരങ്ങൾ നടക്കുന്നത്. ആദ്യ ജലോത്സവത്തിൽ തന്നെ 2011 ൽ 16 ചുണ്ടൻ വള്ളങ്ങൾ മത്സരിച്ച് ഇതിനു പുറമെ വയ്പ്പ്, ഇരുട്ടുകുത്തി 2 ഗ്രേഡുകൾ, തെക്കമ്പോടി വിഭാഗങ്ങളിലും മത്സരങ്ങൾ നടക്കും. കൊല്ലം സെന്റ് ഫ്രാൻസിസ് ബോട്ട് ക്ലബ്ബിന്റെ ശ്രീ.ഗണേശൻ രാഷ്ട്രപതിയുടെ പേരിലുള്ള ആദ്യ സുവർണ്ണകപ്പ് സ്വന്തമാക്കി. നവംബർ ഒന്നിന് കേരളപ്പിറവി ദിനമാണ് പ്രസിഡന്റ്സ് ട്രോഫി വള്ളംകളി അരങ്ങേറുന്നത്. ഇപ്പോഴത് ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ കീഴിലുള്ള ജലമേളയായി മാറിയിട്ടുണ്ട്. മുമ്പ് നെഹ്റുട്രോഫി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പ്രൈസ്മണി നല്കിയിരുന്ന ജലമേളയാണ് അഷ്ടമുടിക്കായലിലെ പ്രസിഡന്റ്സ് ട്രോഫി ജലമേള.
ഓണക്കാലത്തിന്റെ വരവറിയിച്ചും ഓളപ്പരപ്പുകളെ ആർപ്പുവിളി മേളങ്ങളാൽ മുഖരിതമാക്കിയും കേരളത്തിന്റെ വള്ളംകളി മേളകൾക്ക് തുടക്കമിടുന്നത് കുട്ടനാട്ടിലെ ചമ്പക്കുളത്താണ്. മിഥുനമാസത്തിലെ മൂലം നാളിൽ പമ്പാനദിയുടെ കൈവഴിയായ ചമ്പക്കുളത്താറ്റിലാണ് സീസണിലെ ആദ്യത്തെ വള്ളംകളിയായ ചമ്പക്കുളം മൂലം വള്ളംകളി നടക്കുക. ആദ്യകാലത്ത് മൂലക്കാഴ്ച എന്നാണ് ഈ വള്ളംകളി അറിയപ്പെട്ടിരുന്നത്. മറ്റ് ജലമേളകളിൽ നിന്നും വ്യത്യസ്തമായി നാനൂറോളം വർഷം പഴക്കമുണ്ട് ഈ ജലമേളയ്ക്ക് എന്നു കരുതുന്നു.
അമ്പലപ്പുഴ ക്ഷേത്രപ്രതിഷ്ഠയുമായി ബന്ധപ്പെട്ട ചില സംഭവങ്ങളുടെ ഓർമ്മ പുതുക്കലാണ് ഈ വള്ളംകളി. അമ്പലപ്പുഴ ക്ഷേത്രത്തിലേക്ക് നിർമ്മിച്ച വിഗ്രഹ പ്രതിഷ്ഠാ സമയത്ത് അശുദ്ധമാണെന്ന് കണ്ടെത്തി, ചെമ്പകശ്ശേരി രാജാവ് മറ്റൊരു വിഗ്രഹം പെട്ടെന്ന് കണ്ടെത്താൻ മന്ത്രി പാറയിൽ മേനോനെ ചുമതലപ്പെടുത്തി. കുറിച്ചി കരിക്കുളം പാർത്ഥസാരഥി ക്ഷേത്രത്തിൽ ലക്ഷണമൊത്ത വിഗ്രഹമുണ്ടെന്ന് മന്ത്രി കണ്ടെത്തി

# മികവുകൾ


ഗംഭീര വിജയവുമായ്
വട്ടയാൽ സെന്റ്.മേരീസ് ഹൈ സ്കൂൾ
100% RESULT 77/77
ചരിത്ര വിജയം ആവർത്തിക്കുന്നു
23 Full A+
ആലപ്പുഴ രൂപത സ്കൂളുകളിൽ ഒന്നാമത്
7 9 A+
FULL A+
ALFIDA A
ALIYA HASEEB
AMALA SOLY
ANUSREE K T
APARNA V A
FIDHA MUBARAK
GODSON STANLY
HENIN T S
INDRAJITH R
JISMI K O
KRISHNAPRIYA K
MELBIN JOHN
MUHAMMED SHAHID
NIDHIN ANTONY
POLAVARAPPU MADHURIMA
ROHAN RAJ
ROHITH T R
SHARAFUNNISA M
SREEEHARI K M
SREEHARI GINESH
SREESANTH SURESH
STEFIN P S
TONY DOMINIC
9 A+
ANTONY S ANTO
ATHULYA A S
JYOTHISH P
MILANI BIJU
NASLA N
RIA ANNA S
STEPHINA SONY








VICE CAPTAIN
















St. Mary's High School
Vattayal, Alappuzha
Science Club Inauguration & Moon Day Celebrations


ലഹരി വിരുദ്ധ ശൃംഖല
ജാഗ്രതാ സമിതി
സെന്റ് മേരീസ് ഹൈസ്കൂൾ, വട്ടയാൽ










St. Mary's High School
Vattayal, Alappuzha
INVESTITURE
CEREMONY 20


ST. MARY'S H.S. VATTAYAAL
പ്രഭാത ഭേരി
CONDUCTED BY
SAHITHYA VEDI JUNIOR REDCROSS
SOCIAL SCIENCE CLUB












St. Mary's High School
Vattayal








ലഹരി വിരുദ്ധ ശ്യംഖല
ജാഗ്രതാ സമിതി
സെൻ്റ്. മേരീസ് ഹൈസ്കൂൾ, വട്ടയാൽ


ST.MARY'S H.S VATTAYAL
Happy
Children's Day






97 SSLC BATCH
READ








POPE JOHN PAUL II
BLOCK




St. Mary's High School
Vattayal
2023-24

# THANK YOU